"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-നഗരകാര്യം-ശ്രീ.സുരേശൻ.എം, ജോയിന്റ് ഡയറക്ടർ- അന്യത്രസേവനം അവസാനിച്ച് മാതൃവകപ്പിലേക്ക് തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1004/2026/LSGD  തീയതി,തിരുവനന്തപുരം, 14-05-2026

---

പരാമർശം:-

1. ശ്രീ.സുരേശൻ.എം, ജോയിന്റ് ഡയറക്ടറുടെ 06.05.2026-ലെ അപേക്ഷ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2026 & 12.05.2026 തീയതികളിലെ LSGD/PD/8351/2025-DEA1 നമ്പർ കത്ത്.
3. സ.ഉ(സാധാ)നം.2178/2026/GAD തീയതി 06.05.2026

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടറും, തദ്ദേശ സ്വയംഭരണ വകുപ്പ്, പാർലമെൻററി അഫയേഴ്സ് & എക്സൈസ് വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.സുരേശൻ.എം-ൻറെ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ വരുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. മുൻ തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ വിടുതൽ ചെയ്ത് കൊണ്ടു പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3. ടിയാൾ അന്യത്ര സേവനം അവസാനിപ്പിച്ച് 06-05-2026 തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം പ്രൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.സജികുമാർ വി.എസ് 01.04.2026-മുതൽ LPR-ൽ പ്രവേശിച്ചത് വഴി ജോയിൻറ് ഡയറക്ടർ തസ്തികയിൽ നിലവിൽ ഒഴിവ് നിലനിൽക്കുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് ശ്രീ.സുരേശൻ.എം-നെ പരിഗണിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പ്രൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ശ്രീ.സുരേശൻ.എം, ജോയിന്റ് ഡയറക്ടറെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് നിലവിൽ ഒഴിവ് നിലനിൽക്കുന്ന തിരുവനന്തപുരം കോർപ്പറേഷനിലെ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

മേയർ , തിരുവനന്തപുരം കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) തൃശ്ശൂർ

ശ്രീ.സുരേശൻ.എം, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ , കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 14-05-2026 12:00:11

സെക്ഷൻ ഓഫീസർ